സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - ജീവനക്കാര്യം - മരാമത്ത് വിഭാഗം - അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം – ഭേദഗതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC 5817/21/Est-1 നന്തൻകോട്, 08-06-2021

---

പരാമർശം :- 1) ചീഫ് എഞ്ചിനീയർ (ജനറൽ) ടെ 25-05-2021 ലെ CE(G)/Estt-II/GL2021/14 നമ്പർ റിപ്പോർട്ട്.
2) 07-06-2021 ലെ മേൽ നമ്പർ ബോർഡുത്തരവ്.
3) ചീഫ് എഞ്ചിനീയർ (ജനറൽ) ടെ 07-06-2021 ലെ CE(G)/Estt-II/GL2021/14 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

മരാമത്ത് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ ഡിപ്ലോമ ഹോൾഡർ, സർട്ടിഫിക്കറ്റ് ഹോൾഡർ (ITI) ക്വാട്ടകളിലെ ഒഴിവുകളിലേക്ക് പരാമർശം 1 പ്രൊപ്പോസൽ പ്രകാരം സ്ഥാനക്കയറ്റം അനുവദിച്ചു (പരാമർശം - 2). പ്രസ്തുത ബോർഡുത്തരവിൽ ഏതാനും ഭേദഗതികൾ വരുത്തണമെന്ന് വിവരിച്ചുള്ള ചീഫ് എഞ്ചിനീയർ (ജനറൽ) ടെ പരാമർശം 3 റിപ്പോർട്ട് 08-06-2021 ൽ ലഭിച്ചു.

ആയത് ബോർഡ് സസൂക്ഷ്മം പരിശോധിച്ചു. പരാമർശം 1 പ്രൊപ്പോസലിൽ പിശകുകൾ ഉണ്ടായിരുന്നതിനാലാണ് പരാമർശം 2 ബോർഡുത്തരവ് ഭേദഗതി ചെയ്യേണ്ട സാഹചര്യം ഉണ്ടായിട്ടുള്ളത്.

നിലവിൽ ലഭിച്ച പരാമർശം 3 റിപ്പോർട്ട് പരിഗണിച്ച് പരാമർശം 2 ബോർഡുത്തരവിൽ ഖണ്ഡിക I ൽ ചേർത്തിട്ടുള്ള പട്ടികയിലെ ക്രമ നമ്പർ 1, 2 എന്നിവ ചുവടെ വിവരിക്കും പ്രകാരം ഭേദഗതി ചെയ്ത് ബോർഡുത്തരവാകുന്നു.

(മറുപുറം)

## I. സ്ഥാനക്കയറ്റം - അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)

| ക്രമ നം. | പേര്, നിലവിലെ തസ്തിക, ആഫീസ് | സ്ഥാനക്കയറ്റം നൽകുന്ന തസ്തിക, ആഫീസ് | റിമാർക്സ്. |
|---|---|---|---|
| 1 | ശ്രീമതി. രൂപാ രവീന്ദ്രൻ, ഫസ്റ്റ് ഗ്രേഡ് ഓവർസിയർ, ചീഫ് എഞ്ചിനീയർ (ജനറൽ) ആഫീസ് (ചീഫ് എഞ്ചിനീയർ ആഫീസിൽ ഡ്യൂട്ടിയിൽ) | അസിസ്റ്റന്റ് എഞ്ചിനീയർ, നെയ്യാറ്റിൻകര സെക്ഷൻ (ഡിപ്ലോമ ഹോൾഡർ ക്വാട്ട) | 1. ടിയാൾ ഡ്യൂട്ടി വ്യവസ്ഥയിൽ തിരുവനന്തപുരം എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസിൽ ഹെഡ് ഡ്രാഫ്സ്മാനായി ജോലി നോക്കേണ്ടതാണ്.<br>2.തിരുവനന്തപുരം അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ജി. മനോജ്കുമാറിന്റെ തിരുവനന്തപുരം ഡിവിഷനിലെ ഡ്യൂട്ടി റദ്ദ് ചെയ്ത് ടിയാനെ കരുനാഗപ്പള്ളി സെക്ഷനിൽ ഡ്യൂട്ടിവ്യവസ്ഥയിൽ നിയോഗിക്കുന്നു.<br>3. ചീഫ് എഞ്ചിനീയർ ആഫീസിൽ ഡ്യൂട്ടിവ്യവസ്ഥയിൽ ജോലി നോക്കുന്ന ഫിനാൻസ് കമ്മീഷണർ ആഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. വി.കെ.ഹരിഹരലാൽ നെയ്യാറ്റിൻകര സെക്ഷന്റെ അധിക ചുമതല കൂടി നിർവ്വഹിക്കേണ്ടതാണ്. |
| 2 | ശ്രീ. പി.എസ്. ഗോപൻ, ഫസ്റ്റ് ഗ്രേഡ് ഓവർസിയർ [അസിസ്റ്റന്റ് എഞ്ചിനീയർ (നോൺ കേഡർ)], അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസ്, കരുനാഗപ്പള്ളി (ബഹു: മെമ്പർ അഡ്വ. കെ.എസ്.രവിയുടെ പെഴ്സണൽ സെക്രട്ടറി) | അസിസ്റ്റന്റ് എഞ്ചിനീയർ, ഫിനാൻസ് കമ്മീഷണർ ആഫീസ് [സർട്ടിഫിക്കറ്റ് ഹോൾഡർ (ITI) ക്വാട്ട] | ടിയാൻ ബഹു: മെമ്പർ അഡ്വ. കെ.എസ്. രവിയുടെ പെഴ്സണൽ സെക്രട്ടറിയായി തുടരേണ്ടതാണ്. |

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
**സെക്രട്ടറി**

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. The Incumbents concerned
3. ഇ.ഡി.പി. സെക്ഷൻ
4. മിനിറ്റ്സ് സെക്ഷൻ
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

**അസിസ്റ്റന്റ് സെക്രട്ടറി**